**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3840,**
**അന്തിമ മറുപടി**
**ജി.ഐ.എസ്. പോളിസികൾ**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.എം.സ്വരാജ്** | **ഡോ.റ്റി.എം. തോമസ് ഐസക്ക് ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| എ) | സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ എത്ര ജി.ഐ.എസ്. പോളിസികൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; | നിലവിലെ സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയതും പഴയ രജിസ്റ്ററുകളുടെ ഡാറ്റാ എൻട്രി ചെയ്തത് പ്രകാരവും ആകെ 407000 ജി..ഐ.എസ് അക്കൗണ്ടുകൾ നിലവിലുള്ളതായി കണക്കാക്കുന്നു. ഡി.ഡി.ഒ-മാരുടെയും ജീവനക്കാരുടെയും സഹായത്തോടെ നടത്തുന്ന വിവരശേഖരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടില്ലയെന്ന വിവരം അറിയിക്കുന്നു. |
| ബി) | ഇവയിൽ എത്ര പോളിസികളുടെ പ്രീമിയം ഒടുക്കൽ വിവരങ്ങൾ ശമ്പള വിതരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ചുവെന്ന് വ്യക്തമാക്കുമോ; | ഇവയിൽ 237820 പോളിസികളുടെ പ്രീമിയം ഒടുക്കൽ വിവരങ്ങൾ ശമ്പള വിതരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ചിട്ടുണ്ട്. |
| സി) | ഈ വിവരങ്ങൾ പൂർണ്ണമായി ശേഖരിക്കുന്ന പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തികരിക്കാനാകുമെന്ന് അറിയിക്കുമോ; | നിലവിലുള്ള വകുപ്പിന്റെ സോഫ്റ്റ് വെയർ പരിഷ്കരിച്ചാൽ മാത്രമേ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനും പൂർത്തിയാക്കുവാനും സാധിക്കുകയുള്ളൂ.ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**